നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

22(*292) ശ്രീ. വി. എൻ. വാസവൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഔഷധങ്ങളുടെ, പ്രത്യേകിച്ച് ജീവൻ രക്ഷാ ഔഷധങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) മരുന്നുകൾ വാങ്ങുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് ;

(ഡി) ഔഷധങ്ങൾ എത്ര ശതമാനം വില കുറച്ചാണ് നീതി മെഡിക്കൽ സ്റ്റോറുകളിൽ വിൽക്കുന്നത് ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചു ; എല്ലാ പഞ്ചായത്തിലും നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ,

(എ) നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുകയും ആയതിന്റെ ഫലമായി നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം ഗണ്യമായി മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്. ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെ പല മരുന്നുകളും ലഭിക്കുന്നതിന് മരുന്ന് വിതരണക്കാരുടെ സംഘടനയുടെ സ്വാധീനഫലമായി ഉണ്ടായിരുന്ന തടസ്സം നീക്കുന്നതിന് സർക്കാർ ഇടപെടലുകളും കൺസ്യൂമർ ഫെഡറേഷൻ സ്വന്തം നിലയിൽ നടത്തിയ പല പരിശ്രമങ്ങളുടെയും ഫലമായി സാധിച്ചു. തൃശ്ശൂർ ജില്ലയിലെ നീതി മെഡിക്കൽ വെയർഹൗസ് പുനഃസ്ഥാപിച്ച് തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലേക്കുള്ള മരുന്ന് വിതരണം സുഗമമാക്കുകയും പ്രാദേശിക തലത്തിൽ ആവശ്യമുള്ള പല മരുന്നുകളും നീതി മെഡിക്കൽ സ്റ്റോറുകളിൽ ലഭ്യമല്ല എന്ന പരാതി പരിഹരിക്കുന്നതിനായി നിയന്ത്രണ വിധേയമായ ലോക്കൽ പർച്ചേസ് ഏർപ്പെടുത്തുകയും മാത്രമല്ല ഉപഭോക്താക്കൾക്ക് ആവശ്യമായ എല്ലാ മരുന്നുകളും ആവശ്യമായ അളവിൽ ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുകയും സെൻട്രലൈസ്ഡ് പർച്ചേസ് സംവിധാനവും കേന്ദ്രീകൃത ഇൻവെന്ററി കൺട്രോൾ സംവിധാനവും നടപ്പിലാക്കി സ്റ്റോക്ക് മാനേജ്മെന്റ് കാര്യക്ഷമമാക്കുകയും സ്റ്റോറുകളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ചെയ്തു. ജീവനക്കാർക്ക് സെയിൽസ് ഇൻസെന്റീവ് അനുവദിച്ചതിലൂടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞു. കൂടാതെ മേഖലാതലത്തിൽ ഓപ്പൺ ഫോറങ്ങൾ നടത്തി സംഘങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ മെച്ചപ്പെടുത്തിയതും നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഔഷധ വിതരണക്കാരുടെ സംഘടനയുടെ സമ്മർദ്ദംമൂലം ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെ വളരെ പ്രധാനപ്പെട്ടതും ഏറ്റവും കൂടുതൽ ചെലവേറിയതുമായ പല മരുന്നുകളും നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ സുഗമമായി ലഭ്യമാക്കാൻ സർക്കാർ എടുത്ത ശക്തമായ നിലപാടുകളുടെയും ഇടപെടലുകളുടെയും ഫലമായി സാധിച്ചു. നീതി മെഡിക്കൽ സ്റ്റോറുകളിൽ ആവശ്യത്തിന് മരുന്നില്ലാത്ത സ്ഥിതിവിശേഷം ഇപ്പോൾ നിലവിലില്ല.

(സി) പ്രധാനപ്പെട്ട കമ്പനികളുടെ മരുന്നുകൾ അവരുടെ അംഗീകൃത ഏജൻസികൾ മുഖേന മാത്രമേ ലഭ്യമാക്കൂ. നീതി മെഡിക്കൽ സ്റ്റോറുകളിലേക്കുള്ള മരുന്നുകൾ ഈ അംഗീകൃത ഏജന്റുമാരിൽ നിന്നും വാങ്ങുന്നതിന് കേന്ദ്രീകൃത പർച്ചേസ് സംവിധാനമാണ് പരമാവധി സ്വീകരിച്ചിട്ടുള്ളത്. പ്രാദേശികമായി ഡോക്ടർമാർ കുറിച്ചു കൊടുക്കുന്ന മരുന്നുകൾ കേന്ദ്രീകൃതമായി വാങ്ങാൻ സാധിക്കാത്തതിനാൽ നിയന്ത്രണങ്ങൾക്ക് വിധേയമായി ലോക്കൽ പർച്ചേസ് നടത്തുന്നുണ്ട്.

(ഡി) എം.ആർ.പി-യേക്കാൾ ശരാശരി 12 ശതമാനം മുതൽ 40 ശതമാനം വരെ വിലക്കുറവിലാണ് നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ ഔഷധങ്ങൾ വിൽക്കുന്നത്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 290 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചു. കൺസ്യൂമർ ഫെഡറേഷൻ നേരിട്ട് നടത്തുന്ന 57 നീതി മെഡിക്കൽ സ്റ്റോറുകളും സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന 233 സ്ഥാപനങ്ങളും ഉൾപ്പെടെ ആകെ 290 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

കാർഷിക വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപടികൾ

23(*293) ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) കാർഷിക മൊത്ത വ്യാപാര വിപണികൾ ശക്തിപ്പെടുത്തുന്നതിനായി എവിടെയൊക്കെയാണ് ഇ.ഇ.സി. വിപണികൾ ആരംഭിച്ചിട്ടുള്ളത് ; ഇത്തരം വിപണികളിൽ എന്തൊക്കെ കർഷക രക്ഷാപദ്ധതികളാണ് നടപ്പിലാക്കിവരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly